2023
APRIL
18
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



# സൂപ്പർ ലക്ഷ്വറി; ആഡംബര കാർ വിൽപ്പന കുതിക്കുന്നു

**ന്യൂദൽഹി:** രണ്ടു കോടി രൂപയിലേറെ ഷോറൂം വിലയുള്ള, സൂപ്പർ ലക്ഷ്വറി കാറുകളുടെ വിൽപന ഇന്ത്യയിൽ കുതിക്കുന്നു. 2022ൽ ഇത്തരം കാറുകളുടെ വിൽപന 500 കടന്നു. ഇതിനു മുൻപത്തെ ഏറ്റവും ഉയർന്ന വാർഷിക വിൽപന 2018ലും 2021ലും 300 കടന്നതാണ്. ഏതാനും ദിവസം മുൻപ് ഇറ്റാലിയൻ ആഡംബര കാർ ബ്രാൻഡ് ലംബോർഗിനി ഇന്ത്യയിൽ പുറത്തിറക്കിയ ഉറൂസ് എസ് സൂപ്പർ എസ്‌യുവിയുടെ ഷോറൂം വില 4.18 കോടി രൂപ. കഴിഞ്ഞയാഴ്ചയിൽ തന്നെ മെഴ്സിഡീസ് ബെൻസ് ഇന്ത്യയിൽ അവതരിപ്പിച്ച എഎംജി ജിടി 63 എസ് ഇ എന്ന ഹൈബ്രിഡ് കാറിന്റെ വില 3.3 കോടിയാണ്.

ഉറൂസ് പെർഫോമന്റെ എന്ന പെർഫോമൻസ് എസ്‌യുവി, സൂപ്പർ സ്പോർട്സ് കാറുകളായ ഹുറാക്കാൻ ടെക്നിക്ക, അവന്റഡോർ എന്നീ മൂന്ന് മോഡലുകൾ കൂടി ലംബോർഗിനി ഇന്ത്യയിൽ വിൽക്കുന്നുണ്ട്. എല്ലാം 3 കോടിക്ക് മേൽ വിലയുള്ളവ.

ബുക്ക് ചെയ്യുന്നവർ കാർ കിട്ടാൻ ഒന്നര വർഷം വരെ കാത്തിരിക്കാൻ തയാറായിരിക്കണം. ലംബോർഗിനി കഴിഞ്ഞ വർഷം ഇന്ത്യയിൽ വിറ്റ 92 കാറുകളിൽ 60 ശതമാനവും 4 കോടിക്കുമേൽ വിലയുള്ള ഉറൂസ് മോഡലുകൾ ആയിരുന്നു. 666 എച്ച് പി കരുത്തുള്ള 4 ലീറ്റർ പെട്രോൾ എൻജിനാണ് ഉറൂസ് എസ്സിന്റേത്. പെട്രോളിൽ മാത്രം ഓടുന്ന മോഡലുകൾ ലംബോർഗിനി ഇനി അവതരിപ്പിക്കില്ല. ഇനി എല്ലാം പെട്രോൾ ഇലക്ട്രിക് ഹൈബ്രിഡ് അല്ലെങ്കിൽ പൂർണ ഇലക്ട്രിക് ആയിരിക്കും.

# പരീക്ഷണ ഓട്ടം വിജയകരമായി പൂർത്തിയാക്കി വന്ദേഭാരത്

**തിരുവനന്തപുരം:** പരീക്ഷണ ഓട്ടം പൂർത്തിയാക്കി വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ തിരുവനന്തപുരത്ത് തിരിച്ചെത്തി. ഉച്ചയ്ക്ക് 2.10ന് കണ്ണൂരിൽനിന്ന് പുറപ്പെട്ട ട്രെയിൻ 7 മണിക്കൂർ 20 മിനിറ്റ് കൊണ്ടാണ് തിരിച്ചെത്തിയത്. മടക്കയാത്രയ്ക്ക് 10 മിനിറ്റ് അധികം സമയമെടുത്തു. 7 മണിക്കൂർ 20 മിനിറ്റുകൊണ്ടാണ് തിരുവനന്തപുരത്തുനിന്ന് കണ്ണൂരിലെത്തിയത്. പരീക്ഷണയോട്ടം വിജയകരമെന്നാണ് പ്രാഥമിക വിലയിരുത്തൽ.



ഇതേ റൂട്ടിലെ വേഗമേറിയ ട്രെയിനായ ജനശതാബ്ദിയേക്കാൾ 2 മണിക്കൂർ 25 മിനിറ്റ് സമയ നേട്ടത്തോടെയാണ് വന്ദേഭാരത് കണ്ണൂരിലെത്തിയത്. രാവിലെ 5.10ന് തിരുവനന്തപുരത്തുനിന്ന് കണ്ണൂരിലേക്ക് ആരംഭിച്ച പരീക്ഷണ ഓട്ടം ഉച്ചയ്ക്ക് 12.20ഓടെയാണ് പൂർത്തിയാക്കിയത്. കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, തിരൂർ, കോഴിക്കോട് സ്റ്റേഷനുകളിൽ ട്രെയിൻ നിർത്തിയിരുന്നു.

തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെ രണ്ടാം നമ്പർ പ്ലാറ്റ്ഫോമിൽനിന്ന് 5.10ന് യാത്ര തുടങ്ങിയ വന്ദേഭാരത് 5.59ന് കൊല്ലത്തെത്തി.

49 മിനിറ്റ് സമയം. കോട്ടയം തൊട്ടത് 7.27ന്. 2 മണിക്കൂർ 17 മിനിറ്റ് സമയത്തിനുള്ളിലാണ് കോട്ടയം കടന്നത്. എറണാകുളം എത്താൻ 3 മണിക്കൂർ 18 മിനിറ്റും കോഴിക്കോട് കടക്കാൻ ആറു മണിക്കൂർ എട്ട് മിനിറ്റുമാണ് വേണ്ടി വന്നത്.

തിരുവനന്തപുരം കണ്ണൂർ റൂട്ടിലോടുന്ന ജനശതാബ്ദിക്ക് കോട്ടയമെത്താൻ 2 മണിക്കൂർ 45 മിനിറ്റ് ആണ് വേണ്ടത്. എറണാകുളമെത്താൻ 4 മണിക്കൂർ 10 മിനിറ്റും കോഴിക്കോട് എത്താൻ 7 മണിക്കൂർ 50 മിനിറ്റും വേണം.

# വാൽവിൽ തകരാർ; സ്പേസ് എക്സ് സ്റ്റാർഷിപ്പിന്റെ വിക്ഷേപണം മാറ്റിവച്ചു

**ന്യൂയോർക്ക് :** ലോകത്തെ ഏറ്റവും കരുത്തുറ്റ റോക്കറ്റായ സ്പേസ് എക്സ് സ്റ്റാർഷിപ്പിന്റെ വിക്ഷേപണം മാറ്റിവച്ചു. ബൂസ്റ്റർ പ്രഷറൈസേഷൻ സിസ്റ്റത്തിലെ വാൽവിലെ തകരാറിനെ തുടർന്നാണു വിക്ഷേപണം ഒഴിവാക്കിയത്. തിങ്കളാഴ്ച വൈകിട്ട് അഞ്ചിനും ഏഴിനുമിടയ്ക്കു യുഎസിലെ ടെക്സസിൽനിന്ന് വിക്ഷേപിക്കുമെന്നായിരുന്നു അറിയിപ്പ്.

അവസാനവട്ട ഒരുക്കങ്ങൾ നടക്കവെയാണു തകരാർ കണ്ടെത്തിയതും വിക്ഷേപണം മാറ്റിവച്ചതും. എൻജിനിലേക്കു തീ പകരുന്നതിന് 10 സെക്കൻഡ് മുൻപായാണു പ്രവർത്തനം നിർത്തിവയ്ക്കാൻ തീരുമാനിച്ചതെന്നാണു റിപ്പോർട്ട്.

തകരാർ പരിഹരിച്ച് ഏതാനും ദിവസങ്ങൾക്കകം വിക്ഷേപണത്തിനായി വീണ്ടും ശ്രമിക്കുമെന്നു സ്പേസ് എക്സ് സ്ഥാപകൻ ഇലോൺ മസ്ക് ട്വീറ്റ് ചെയ്തു.

# ബിഹാറിൽ വീണ്ടും വിഷമദ്യ ദുരന്തം; മരണം 26

**പട്ന:** ബിഹാറിലെ ഈസ്റ്റ് ചമ്പാരൻ ജില്ലയിലുണ്ടായ വിഷമദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 26 ആയി. മോതിഹാരി, മുസഫർനഗർ എന്നിവിടങ്ങളിലെ ആശുപത്രികളിലായി 14 പേർ ചികിത്സയിലാണ്. തുർക്കൗലിയയിൽ വിൽപന നടത്തിയ മദ്യം കഴിച്ചവരാണു ദുരന്തത്തിനിരയായത്.



റെയ്ഡിൽ 76 മദ്യക്കടത്തുകാർ പിടിയിലായി. ഇവരിൽനിന്നു 6,000 ലീറ്റർ വ്യാജമദ്യം പിടികൂടി നശിപ്പിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രി നിതീഷ് കുമാർ 4 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. ദുരന്തത്തിന്റെ പൂർണ ഉത്തരവാദിത്തം നിതീഷ് സർക്കാരിനാണെന്നു ബിജെപി സംസ്ഥാന അധ്യക്ഷൻ സമ്രാട്ട് ചൗധരി ആരോപിച്ചു. ഈ വർഷമാദ്യം സാരൻ ജില്ലയിലുണ്ടായ വിഷമദ്യ ദുരന്തത്തിൽ 72 പേരാണു മരിച്ചത്.



# വാഹന പാർക്കിങ്ങിനും ആപ് വരുന്നു; സിറ്റി വൺ ആപ് വഴി 48 പാർക്കിങ് കേന്ദ്രങ്ങളുടെ വിവരം അറിയാം



**തിരുവനന്തപുരം:** നഗരത്തിൽ വാഹനം പാർക്കു ചെയ്യാൻ ഇനി പാർക്കിങ് സ്ഥലങ്ങൾ തേടി അലയേണ്ട. മൊബൈൽ ആപ്ലിക്കേഷൻ വഴി നഗരത്തിലെ പാർക്കിങ് കേന്ദ്രങ്ങളിൽ പാർക്കിങ് സ്ഥലം ബുക്ക് ചെയ്യാനുള്ള സൗകര്യം വരുന്നു. കോർപറേഷന്റെ തമ്പാനൂരിലെ മൾട്ടി ലവൽ കാർ പാർക്കിങ് കേന്ദ്രത്തിൽ ആദ്യം ലഭ്യമാക്കുന്ന സൗകര്യം ഓണത്തിനു മുൻപ് എല്ലായിടത്തും നടപ്പാക്കും. സ്മാർട്ട് സിറ്റി വികസിപ്പിച്ച വൺ സിറ്റി ആപ് വഴിയാണ് ബുക്കു ചെയ്യേണ്ടത്. 48 പാർക്കിങ് കേന്ദ്രങ്ങളുടെ വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷനിൽ ഉൾക്കൊള്ളിക്കും. റെയിൽവേ, കോർപറേഷൻ, ട്രിഡ, കെഎസ്ആർടിസി തുടങ്ങി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നവയും സ്വകാര്യ സ്ഥാപനങ്ങളോ വ്യക്തികളോ നടത്തുന്നതുമായ 64 പാർക്കിങ് സ്ഥലങ്ങളുടെ പട്ടിക സ്മാർട്ട് സിറ്റി അധികൃതർ തയാറാക്കി. ഇതിൽ നിന്ന് ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന സ്ഥലങ്ങളെ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്താനാണ് പദ്ധതി.

ഏകദേശ സമയം കണക്കാക്കി പാർക്കിങ് സ്ഥലം ബുക്കു ചെയ്യാൻ കഴിയുമെന്നതാണ് മൊബൈൽ ആപ്ലിക്കേഷന്റെ ഏറ്റവും വലിയ പ്രത്യേകത. വാഹനം തിരിച്ചെടുക്കുമ്പോഴത്തെ സമയം കണക്കാക്കി പണം ഒടുക്കിയാൽ മതി. ഡിജിറ്റൽ പേ മെന്റ് സൗകര്യങ്ങളും ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തും. നഗര ഗതാഗതം സുഗമമാക്കുന്നതിന് പൊലീസുമായി ചേർന്ന് നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ (ഐസിസിസി) നിലവിൽ വരുമ്പോൾ സ്മാർട്ട് പാർക്കിങ്ങും നടപ്പാക്കാനാണ് നീക്കം.

പാളയം മാർക്കറ്റിനു മുന്നിലെ പാർക്കിങ് കേന്ദ്രത്തിൽ വാഹന ഉടമകളിൽ നിന്ന് കരാറുകാരൻ അധിക ഫീസ് ഈടാക്കുന്നതു തടയാൻ നടപടി. നിശ്ചയിച്ചു നൽകിയിട്ടുള്ള നിരക്ക് മാത്രമേ ഈടാക്കാവൂവെന്നും ഓരോ വാഹനങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള നിരക്ക് പാർക്കിങ് കേന്ദ്രത്തിൽ പ്രദർശിപ്പിക്കണമെന്നും കരാറുകാരന് നിർദേശം നൽകി. പാർക്കിങ് ഫീസ് കൊള്ളയെ കുറിച്ചുള്ള വാർത്തയെ തുടർന്നാണ് നടപടി. ട്രിഡ ചെയർമാൻ കെ.സി. വിക്രമനും സെക്രട്ടറി എൽ.എസ്. ദീപയും അടങ്ങുന്ന സംഘം ഇന്നലെ പാർക്കിങ് കേന്ദ്രത്തിൽ പരിശോധന നടത്തി.

വാഹനം പാർക്കു ചെയ്യാനെത്തുന്നവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു. 5 സീറ്റ് കാറുകൾക്ക് പത്തു രൂപയും 7 സീറ്റ് കാറുകൾക്ക് 12 രൂപയുമാണ് ട്രിഡ നിശ്ചയിച്ചിട്ടുള്ള നിരക്ക്. എന്നാൽ 5 സീറ്റുള്ള കാർ ഉടമകളിൽ നിന്ന് 12 രൂപ കരാറുകാരൻ ഈടാക്കുന്നുവെന്നാണ് പരാതി.

നിരക്ക് പ്രദർശിപ്പിച്ചു കൊണ്ടുള്ള ബോർഡ് സ്ഥാപിക്കാത്തതിനാലും രസീത് തിരികെ വാങ്ങുന്നതിനാലും തട്ടിപ്പ് വാഹന ഉടമകൾ അറിയുന്നില്ല. വാഹനം പാർക്കു ചെയ്യുമ്പോൾ ഉടമകൾക്ക് നൽകാനുള്ള രസീത് സ്വയം അച്ചടിച്ച് ട്രിഡ ആസ്ഥാനത്തു നിന്ന് സീൽ പതിപ്പിച്ചു വാങ്ങണമെന്ന നിർദേശവും കരാറിലുണ്ട്.

ട്രിഡയുടെ സീൽ പതിപ്പിച്ച രസീത് തന്നെയാണോ വാഹന ഉടമകൾക്ക് നൽകുന്നത് എന്ന കാര്യത്തിലും സംശയമുണ്ടെന്നും രസീത് രേഖകളുമായി ഇന്ന് ഹിയറിങ്ങിന് ഹാജരാകാൻ കരാറുകാരനു നിർദേശം നൽകിയിട്ടുണ്ടെന്നും കെ.സി. വിക്രമൻ അറിയിച്ചു.

# ചിന്നക്കനാൽ 301 കോളനി പുനരധിവസിപ്പിക്കൽ: റിപ്പോർട്ട് സമർപ്പിക്കാൻ കലക്ടർക്ക് നിർദേശം



**രാജകുമാരി:** ചിന്നക്കനാൽ 301 കോളനിയിലെ താമസക്കാരെ പകരം ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതു സംബന്ധിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്ടർക്കു റവന്യു മന്ത്രിയുടെ നിർദേശം. പട്ടിക വർഗ ഏകോപന സമിതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണു മന്ത്രി കെ.രാജൻ റിപ്പോർട്ട് ആവശ്യപ്പെട്ടത്. 301 കോളനി ഒഴിപ്പിക്കുന്നതിനായി വനം വകുപ്പ് ഇടപെടൽ നടത്തുന്നതായി നാട്ടുകാർ ആരോപണമുന്നയിച്ചിരുന്നു.

തുടർന്നാണു പകരം ഭൂമിയും നഷ്ടപരിഹാരവും നൽകണമെന്നാവശ്യപ്പെട്ടു സംഘടന മന്ത്രിക്കു നിവേദനം നൽകിയത്. എന്നാൽ 2 പതിറ്റാണ്ടിലധികമായി കൃഷി ചെയ്തു ജീവിക്കുന്ന 301 കോളനിയിൽ നിന്ന് ഒഴിയില്ലെന്ന നിലപാടാണു കുടുതലാളുകൾക്കുമുള്ളത്. കുടിയിറക്ക് നീക്കത്തിനെതിരെ മന്ത്രിക്ക് പരാതി നൽകുമെന്നും ഇവർ പറഞ്ഞു.

വിവിധ പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ടവരും സ്വന്തമായി ഭൂമിയില്ലാത്തവരുമായ ആദിവാസികളെ പുനരധിവസിപ്പിക്കാൻ ചിന്നക്കനാൽ മേഖലയിൽ 1490 ഏക്കർ ഭൂമി പതിച്ചു നൽകാനായിരുന്നു 2002 ൽ സർക്കാരിന്റെ തീരുമാനം. എന്നാൽ 810 ഏക്കർ ഭൂമി മാത്രമാണു റവന്യു വകുപ്പിന് അന്ന് കണ്ടെത്താൻ കഴിഞ്ഞത്. ഇതിൽ 668 ഏക്കർ 566 കുടുംബങ്ങൾക്കായി വിതരണം ചെയ്തു. 301 കുടുംബങ്ങൾക്കു ചിന്നക്കനാൽ വില്ലേജിൽ സർവേ നമ്പർ 178 ൽ ഒരേക്കർ വീതം ഭൂമി പതിച്ചു നൽകി. കൂടാതെ എൺപതേക്കർ കോളനിയിൽ 68 ഉം, പന്തടിക്കളത്ത് 62 ഉം പട്ടിക വർഗ കുടുംബങ്ങളെ കുടിയിരുത്തി.

ഇതോടെ 431 കുടുംബങ്ങൾ ചിന്നക്കനാലിൽ താമസം ആരംഭിച്ചു. വന്യ ജീവി ശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണു കോളനികളിൽ ജീവിതം ദുസ്സഹമാക്കിയത്. എങ്കിലും ഇതെല്ലാം അതിജീവിച്ച് കൃഷി ചെയ്ത് ഇത്രയും കാലം ജീവിച്ച മണ്ണു വിട്ടൊഴിയാൻ കഴിയില്ലെന്നാണു ഭൂരിഭാഗം ആളുകളുടെയും നിലപാട്. കൃഷി യോഗ്യമായ ഒരേക്കർ ഭൂമിയും വീടും നൽകിയാൽ ഒഴിഞ്ഞു പോകാൻ തയാറാണെന്നു മറ്റ് ചിലരും പറയുന്നു.20022003 ൽ വനം വകുപ്പിന്റെ എതിർപ്പു മറികടന്നാണു 301 കോളനിയിലുൾപ്പെടെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങളെ കുടിയിരുത്തിയത്. 301 കോളനിയിൽ 301 കുടുംബങ്ങൾക്ക് ഭൂമി നൽകിയെങ്കിലും നിലവിൽ 50 ൽ താഴെ കുടുംബങ്ങളാണ് താമസിക്കുന്നത്. അൻപതോളം കുടുംബങ്ങൾ മറ്റു സ്ഥലങ്ങളിൽ താമസിച്ച് ഇവിടെയെത്തി കൃഷി ചെയ്യുന്നു. കാട്ടാന ശല്യവും! അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണു കോളനിയിലെ ഭൂരിഭാഗം കുടുംബങ്ങളും വീടും സ്ഥലവും ഉപേക്ഷിക്കാൻ കാരണം. അടിസ്ഥാന സൗകര്യങ്ങളൊരുക്കിയാൽ കോളനിയിൽ കൂടുതൽ താമസക്കാരെത്തുമെന്നും അങ്ങനെ വന്നാൽ കാട്ടാന ശല്യം കുറയുമെന്നും കോളനിയിലുള്ളവർ പറയുന്നു.



## ഇടുക്കി ജില്ലയിൽ 13% മഴ കുറവ്

**തൊടുപുഴ:** വേനൽച്ചൂടിൽ വെന്തുരുകി നാടും നഗരവും. പുറത്തിറങ്ങിയാൽ പൊള്ളും, അകത്തിരുന്നാൽ പുകയും എന്നതാണ് അവസ്ഥ. ഹൈറേഞ്ച് മേഖലകളിലും വേനൽച്ചൂടിന്റെ കാഠിന്യം ഇത്തവണ കൂടുതലാണ്. വേനൽച്ചൂടു വർധിക്കുന്ന വരുന്ന സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പകൽ 11 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നാണു പ്രധാന നിർദേശം.

ഇന്നലെ പകൽ 37 ഡിഗ്രി സെൽഷ്യസായിരുന്നു ലോറേഞ്ച് മേഖലകളിൽ രേഖപ്പെടുത്തിയ കൂടിയ താപനില. ജില്ലയുടെ പല ഭാഗങ്ങളിലും ശുദ്ധജല ക്ഷാമവും രൂക്ഷം. ചൂടു കൂടിയതു കാർഷിക മേഖലയിലും വൻ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. മനുഷ്യർക്കൊപ്പം മൃഗങ്ങളെയും വേനൽച്ചൂട് ദുരിതത്തിലാക്കി.

ജില്ലയിൽ വേനൽമഴ ലഭ്യതയിൽ 13 % കുറവ്. മാർച്ച് ഒന്നു മുതൽ ഇന്നലെ രാവിലെ വരെയുള്ള കാലയളവിൽ ജില്ലയിൽ സാധാരണ ലഭിക്കേണ്ട മഴ 120 മില്ലിമീറ്ററാണ്. ലഭിച്ചത് 104.7 മില്ലിമീറ്ററും. കഴിഞ്ഞമാസം ജില്ലയിൽ വേനൽ മഴ സാധാരണയിലും കവിഞ്ഞു ലഭിച്ചിരുന്നു. ഈ മാസം പ്രതീക്ഷിച്ച പോലെ മഴയുണ്ടായില്ല. അടുത്ത ദിവസങ്ങളിൽ ഒറ്റപ്പെട്ട വേനൽ മഴ ലഭിക്കുമെന്നാണു കാലാവസ്ഥാവകുപ്പിന്റെ പ്രവചനം.

## ചൂടിൽ എള്ള് പാടങ്ങൾ കരിഞ്ഞുണങ്ങി



**മാവൂർ:** കടുത്ത ചൂടു താങ്ങാനാകാതെ മാവൂർ പാടത്തെ എള്ള് കൃഷി കരിഞ്ഞുണങ്ങി നശിച്ചു. കണിവെള്ളരി ഉൾപ്പെടെ നാടൻ പച്ചക്കറികളെല്ലാം കരിഞ്ഞുണങ്ങി നശിക്കുകയാണ്. കൃഷിയിടങ്ങളിലേക്ക് വെ ള്ളമെത്തിക്കുന്നത് ഏറെ പ്രയാസകരമായിരിക്കുകയാണ്. കൃഷിയിറക്കുന്ന ദിവസം മുതൽ കാട്ടുപന്നി, മുള്ളൻപന്നി എന്നിവ കൃഷി കുത്തി നശിപ്പിക്കും. മയിലും തത്തയും നെൽക്കതിരുകളും ധാന്യങ്ങളും തുടങ്ങി അടുക്കളത്തോട്ടത്തിലെ കൃഷി വരെ നശിപ്പിക്കുന്നുണ്ട്.

പെരുവയൽ മനയ്ക്കൽ പുതിയോട്ടിൽ താഴത്ത് രണ്ടായിരത്തിലേറെ കണിവെള്ളരിയും മത്തൻ തുടങ്ങി മറ്റു കൃഷികളും മയിലുകൾ കൊത്തി നശിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ വേനലിൽ ഉൾക്കാമ്പിലെ ജലാംശം നഷ്ടപ്പെട്ട് വാഴകൾ ഒടിഞ്ഞു വീണു നശിക്കുകയാണ്. സർക്കാർ വരൾച്ച പ്രഖ്യാപിച്ചാൽ മാത്രമേ വേനലിൽ നശിച്ച കാർഷിക വിളകൾക്കു നഷ്ടപരിഹാരം നൽകാനാവൂ എന്നു കൃഷി വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ പറയുന്നു. എ.എൻ.മരയ്ക്കാർ ബാവ, പെരുവയൽ മനയ്ക്കൽ പുതിയോട്ടിൽ ജയപ്രകാശ്, വയപ്പുറത്ത് രമേശൻ, ഉണ്ണി നായർ എന്നിവർ മാവൂർ പാടത്ത് കൃഷി ചെയ്ത ചെയ്ത വിളകളാണു കൂടുതലായി നശിച്ചത്.

## യുവജനങ്ങളെ കെഎസ്എഫ്ഇയുടെ ഭാഗമാക്കും: മന്ത്രി

കെഎസ്എഫ്ഇയുടെ പ്രവർത്തനങ്ങളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. കൊല്ലം റൂറൽ മേഖലയുടെ കീഴിൽ ആരംഭിച്ച ആദ്യത്തെ കെഎസ്എഫ്ഇ മൈക്രോ ശാഖ പതാരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇതിനായി ഇന്റഗ്രേറ്റഡ് ടെക്നോളജി അവലംബിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും. സംസ്ഥാനത്തെ യുവജനങ്ങളെ ആകർഷിക്കുംവിധം പദ്ധതികൾ ആവിഷ്കരിക്കുമെന്നും മന്ത്രി പറഞ്ഞു.

കോവൂർ കുഞ്ഞുമോൻ എംഎൽഎ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, ശൂരനാട് തെക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് കെ ശ്രീജ, കെഎസ്എഫ്ഇ ചെയർമാൻ കെ വരദരാജൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്യാമളയമ്മ, കാപ്പെക്സ് ചെയർമാൻ എം ശിവശങ്കരപ്പിള്ള, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കക്ഷിരാഷ്ട്രീയ നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കൗമാര പെൺകുട്ടികൾക്ക് ആരോഗ്യ ന്യൂട്രീഷൻ ക്യാമ്പ്

**മങ്കട:** ഐ.സി.ഡി.എസ് പ്രൊജക്ടിന്റെ ആഭിമുഖ്യത്തിൽ 'പോഷൺ പക്വാഡ്' പദ്ധതിയുടെ ഭാഗമായി കൗമാര പെൺകുട്ടികൾക്കുള്ള ആരോഗ്യ ന്യൂട്രീഷൻ ക്യാമ്പ് മങ്കട ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി. അബ്ദുൽ കരീം ഉദ്ഘാടനം ചെയ്തു. 'വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്' എന്ന വിഷയത്തിൽ ഡോ. ബിന്ദുവും 'ചെറു ധാന്യങ്ങളുടെ പ്രാധാന്യം' എന്ന വിഷയത്തിൽ ന്യൂട്രീഷ്യനിസ്റ്റ് പി. റജിനയും ക്ലാസുകളെടുത്തു. ഐ.സി.ഡി.എസ് സൂപ്പർവൈസർമാരായ എം.കെ ബിന്ദു, എം. ഷീജ, കെ.കെ സരസ്വതി, പി.പി ദാക്ഷായണി, മങ്കട ഐ.സി.ഡി.എസ് പ്രൊജക്ടിലെ അങ്കണവാടി പ്രവർത്തകരും പ്രൊജക്ട് പരിധിയിലെ കൗമാര പെൺകുട്ടികളും ക്യാമ്പിൽ പങ്കെടുത്തു.

## ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും

**കൊല്ലം:** എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 538/ 2019) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ ഏപ്രിൽ 25, 26, 27 തീയതികളിൽ രാവിലെ അഞ്ചുമുതൽ നടത്തും. വ്യക്തിഗത മെമ്മോ അയക്കില്ല. അർഹരായവർ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രവേശന ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, അംഗീകൃത തിരിച്ചറിയൽ രേഖയുടെ അസൽ എന്നിവയുമായി ഗ്രൗണ്ടിൽ കൃത്യസമയത്ത് എത്തണം. എൻ സി എ വിജ്ഞാപനങ്ങളുടെ (കാറ്റഗറി നമ്പർ 120/2019, 121/2019, 045/2020) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർ ജനറൽ വിഭാഗത്തിൽ (കാറ്റഗറി നമ്പർ 538/2019) ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ലഭ്യമായ വേദിയിൽ എൻ സി എ, ജനറൽ വിഭാഗങ്ങളുടെ പ്രവേശന ടിക്കറ്റുകൾ ഹാജരാക്കി കായികക്ഷമത പരീക്ഷയിൽ പങ്കെടുക്കേണ്ടതാണെന്ന് പി എസ് സി ജില്ലാ ഓഫീസർ അറിയിച്ചു. ഫോൺ: 0474 2743624.



# വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ തിരക്കേറുന്നു

അമ്പലവയൽ: അവധിക്കാലവും ആഘോഷങ്ങളുമെത്തിയതോടെ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ തിരക്കേറുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കുകയും വിഷു, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങൾ എത്തുകയും ചെയ്തതോടെ ഒരു ഇടവേളയ്ക്കു ശേഷം ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെല്ലാം തിരക്ക് വർധിച്ചു തുടങ്ങി. ഡിടിപിസിയുടെയും വിവിധ വകുപ്പുകളുടെയും കീഴിലുള്ള എല്ലാ കേന്ദ്രങ്ങളിലും കഴിഞ്ഞ ദിവസങ്ങളിൽ വൻ തിരക്ക് അനുഭവപ്പെട്ടു. എടയ്ക്കൽ ഗുഹയിൽ കഴിഞ്ഞ ദിവസങ്ങളിലെല്ലാം ഉച്ചയോടെ തന്നെ പ്രതിദിനം പ്രവേശനമുള്ള 1920 പേർ പൂർത്തിയായി.

ഇതോടെ ശേഷമെത്തിയ ഒട്ടേറെ സഞ്ചാരികൾ പ്രവേശനം ലഭിക്കാതെ മടങ്ങി. കാരാപ്പുഴ ഡാമിലും സന്ദർശനത്തിനായി ഒട്ടേറെ പേരാണ് എത്തിയത്. ഡാമിന്റെ മുൻപിലേക്കുള്ള പ്രവേശനം ഇപ്പോഴും നിയന്ത്രിച്ചിരിക്കുന്നതിനാൽ ഗാർഡ നടക്കമുള്ളവ സന്ദർശിച്ചു മടങ്ങുകയാണ് സഞ്ചാരികൾ. പൂക്കോട് തടാകം അടക്കമുള്ള ഡിടിപിസിയുടെ വിവിധ കേന്ദ്രങ്ങളിലും സഞ്ചാരികളുടെ തിരക്കായിരുന്നു. ബാണാസുര സാഗർ ഡാമിലും കഴിഞ്ഞ ദിവസങ്ങളിലെല്ലാം സഞ്ചാരികൾ നിറഞ്ഞു. കനത്ത ചൂടാണ് വിനോദ സഞ്ചാരികൾക്കു കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത്.

## അന്യം നിന്നു പോകുന്ന നാടൻ കലകളുടെ അവതരണം

**തിരുവനന്തപുരം:** കേരള ഫോക് ലോർ അക്കാദമി സംഘടിപ്പിക്കുന്ന അന്യം നിന്നു പോകുന്ന കലാരൂപങ്ങളുടെ അവതരണം സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 19, വൈകുന്നേരം 5:30ന് വൈലോപ്പിള്ളി സംസ്കൃതി ഭവനിലാണ് ചടങ്ങ്. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നത്. ചടങ്ങിൽ കലാകാരന്മാരെ മന്ത്രി ആദരിക്കും.

വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഫോക്‌ലോർ അക്കാദമി ചെയർമാൻ ഒ എസ് ഉണ്ണികൃഷ്ണൻ സ്വാഗതം പറയും.

സാംസ്കാരിക വകുപ്പ് സെക്രട്ടറി മിനി ആന്റണി, ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ കരുൺ, മലയാളം മിഷൻ ഡയറക്ടർ മുരുകൻ കാട്ടാക്കട,സൂര്യ കൃഷ്ണമൂർത്തി, വൈലോപ്പിള്ളി സംസ്കൃതിഭവൻ വൈസ് ചെയർമാൻ ജി എസ് പ്രദീപ്, ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി അജോയ്, വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി പ്രിയദർശൻ ലാൽ, ഗുരു ഗോപിനാഥ് നടന ഗ്രാമം സെക്രട്ടറി ഷബ്ന എസ് മേനോൻ, കേരള ഫോക്‌ലോർ അക്കാദമി നിർവാഹകസമിതി അംഗം കെ വി കുഞ്ഞിരാമൻ, വജ്രജൂബിലി ജില്ലാ കോഡിനേറ്റർ അപർണ പ്രേം, ഫോക്‌ലോർ അക്കാദമി സെക്രട്ടറി എ വി അജയകുമാർ തുടങ്ങിയവർ സംബന്ധിക്കും.

# മംഗളാദേവി ചിത്രാപൗർണമി മെയ് 5ന്



**ഇടുക്കി:** മെയ് 5 ന് നടക്കുന്ന മംഗളാദേവി ചിത്രാപൗർണമി ഉത്സവം സുഗമവും സുരക്ഷിതവുമായി നടത്തുന്നതിന് ഇടുക്കിതേനി ജില്ലാ ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ തേക്കടി ബാംബൂ ഗ്രോവിൽ സംയുക്തയോഗം ചേർന്നു. പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിൽ ഉത്സവത്തിന് എത്തുന്ന ഭക്തർക്കായി വിവിധ വകുപ്പുകൾ ഏർപ്പെടുത്തുന്ന സജ്ജീകരണങ്ങൾ ഇടുക്കി ജില്ലാ കളക്ടർ ഷീബ ജോർജിന്റെയും തേനി ജില്ലാ കളക്ടർ ആർ വി ഷാജീവനയുടെയും നേതൃത്വത്തിൽ ചേർന്ന ഇരു സംസ്ഥാനങ്ങളിലെയും വിവിധ വകുപ്പ് തലവൻമാരുടെ അവലോകന യോഗത്തിൽ വിലയിരുത്തി. ഭക്തരുടെ സുരക്ഷയ്ക്കും വനത്തിന്റെയും ക്ഷേത്രത്തിന്റെയും പരിപാവനതക്കും മുൻതൂക്കം നൽകി പരിസ്ഥിതി സൗഹൃദ ക്ഷേത്ര ദർശനത്തിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കുമെന്ന് അധികൃതർ അറിയിച്ചു.

മെയ് 5ന് നാലു മണി മുതൽ ഇരു സംസ്ഥാനങ്ങളിലെയും പൂജാരിമാർ, സഹകർമ്മി, പൂജ സാമഗ്രികൾ എന്നിവരെ ക്ഷേത്രത്തിലേക്കു കടത്തിവിടും. അഞ്ചു മണിക്ക് ആറു ട്രാക്ടറുകളിലായി ഭക്ഷണവും കയറ്റിവിടും. ഓരോ ട്രാക്ടറുകളിലും ആറു പേരിൽ കൂടുതൽ ഉണ്ടാവാൻ പാടില്ല. ട്രാക്ടറുകളിൽ 18 വയസിൽ താഴെയുള്ള കുട്ടികളെയും അനുവദിക്കില്ല. രാവിലെ ആറു മണി മുതൽ ഒന്നാം ഗേറ്റിലൂടെ ഭക്തരെ കയറ്റിവിടും. ഉച്ചക്ക് 2.30 ന് ശേഷം ആരെയും മലമുകളിലേക്ക് കയറ്റിവിടില്ല. വൈകിട്ട് 5.30 ന് ശേഷം ക്ഷേത്രപരിസരത്ത് ആരെയും തുടരാൻ അനുവദിക്കില്ല.

ഭക്തരിൽ നിന്നും യാതൊരു വിധ തുകയും ഈടാക്കാൻ അനുവദിക്കില്ല. ആർ ടി ഒ നിഷ്കർശിക്കുന്ന തുക ആയിരിക്കും ട്രിപ്പ് വാഹനങ്ങൾക്ക് ഭക്തരിൽ നിന്നും ഈടാക്കാൻ അനുവാദം ഉണ്ടാവുക. ഡിസ്പോസബിൾ പാത്രങ്ങളിൽ കുടിവെള്ളമോ മറ്റു ഭക്ഷണമോ ക്ഷേത്ര പരിസരത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കില്ല. ഓഫ് റോഡ് ജീപ്പ് പോലെയുള്ള നാലുചക്ര വാഹനങ്ങൾ മാത്രമേ അനുവദിക്കൂ. ഇരുചക്ര വാഹനങ്ങൾ അനുവദിക്കില്ല. മദ്യം, മാംസ ഭക്ഷണം എന്നിവയും അനുവദിക്കില്ല.

ക്ഷേത്രത്തിലേക്ക് പോകാനുള്ള വാഹനങ്ങൾക്ക് ആർ.ടി.ഒ പാസ് നൽകും. കുമളി ബസ്സ്റ്റാൻഡിൽ മെയ് 2,3,4 ദിവസങ്ങളിൽ ഇരു സംസ്ഥാനങ്ങളുടെയും ആർടിഒ മാരുടെ നേതൃത്വത്തിൽ ഫിറ്റ്നസ് പരിശോധിച്ച് പാസ് അനുവദിക്കും. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്റ്റിക്കർ വാങ്ങി വാഹനത്തിൽ പതിപ്പിക്കണം. ഉത്സവ ദിവസം വാഹനങ്ങളിൽ അമിതമായി ആളെ കയറ്റാൻ അനുവദിക്കില്ല.

കുമളി ബസ്സ്റ്റാൻഡ്, അമലാംബിക സ്കൂൾ, കൊക്കരകണ്ടം എന്നിവിടങ്ങളിൽ ചെക്ക് പോസ്റ്റ് ഏർപ്പെടുത്തി വാഹനങ്ങൾ പരിശോധിക്കും. ഒന്നാം ഗേറ്റിലും ക്ഷേത്രപരിസരത്തും കൺട്രോൾ റൂം സ്ഥാപിക്കും. പരിസ്ഥിതി സൗഹൃദമല്ലാത്ത അലങ്കാര വസ്തുകൾ ഉപയോഗിക്കാൻ പാടില്ല. പടക്കങ്ങളും പൊട്ടിത്തെറിക്കുന്ന ഉൽപ്പന്നങ്ങളും പാടുള്ളതല്ല. സുരക്ഷയുടെ ഭാഗമായി റിക്കവറി വാഹനം, അസ്ക ലൈറ്റ്, എന്നീ സൗകര്യങ്ങളോടെ കൊക്കരകണ്ടത്ത് ദുരന്ത ലഘൂകരണ യൂണിറ്റ് പ്രവർത്തിക്കും. പ്രഥമശുശ്രൂഷ നൽകാൻ മെഡിക്കൽ സംഘം, കാർഡിയോളജിസ്റ്റ് എന്നിവരുടെ സേവനവും അഞ്ച് ആംബുലൻസുകളും മലമുകളിൽ ഏർപ്പെടുത്തും.

പ്ലാസ്റ്റിക് ബോട്ടിലുകളിൽ കുടിവെള്ളം അനുവദിക്കില്ല. അഞ്ച് ലിറ്റർ ക്യാൻ ഉപയോഗിക്കാം. 13 പോയിന്റുകളിൽ കുടിവെള്ളം ഒരുക്കും. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്താൻ ജലവകുപ്പിന് നിർദ്ദേശം നൽകി. മദ്യം, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കാൻ അനുവദിക്കില്ല.

മാധ്യമപ്രവർത്തകർക്കും രാവിലെ ആറുമണി മുതലായിരിക്കും പ്രവേശനം അനുവദിക്കുക. ഇരു സംസ്ഥാനങ്ങളിലെയും മാധ്യമപ്രവർത്തകർക്കുള്ള പാസ് ഇടുക്കി ജില്ലാ ഇൻഫർമേഷൻ ഓഫീസർ വിതരണം ചെയ്യും. പാസ് കൈവശമില്ലാത്തവരെ കടത്തിവിടില്ല. ഇരു സംസ്ഥാനങ്ങളിൽ നിന്നുമുള്ള സർക്കാർ ഉദ്യോഗസ്ഥർ നിർബന്ധമായും ഐഡി കാർഡ് ധരിച്ചിരിക്കണം.

യോഗത്തിൽ ഇടുക്കി സബ് കളക്ടർ അരുൺ എസ് നായർ, പെരിയാർ ടൈഗർ റിസർവ് ഈസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. പാട്ടീൽ സുയോഗ് സുബാഷ് റാവു, മേഘമല വന്യജീവി സങ്കേതം വൈൽഡ് ലൈഫ് വാർഡൻ ആനന്ദ്, തേനി ജില്ലാ ഫോറസ്റ്റ് ഓഫിസർ സമർത്ഥ, ഉത്തമപാളയം അസിസ്റ്റന്റ് സുപ്രണ്ട് മധുകുമാരി, ഇരു സംസ്ഥാനങ്ങളിലെയും വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വികസന ക്ഷേമപദ്ധതികൾ ശക്തിപ്പെടുത്തും: മുഖ്യമന്ത്രി

**തൃശൂർ:** വികസന ക്ഷേമ പദ്ധതികൾ ഒരുപോലെ ശക്തിപ്പെടുത്തി അതിന്റെ ഗുണഫലം ജനങ്ങളിലെത്തിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആർദ്രം മിഷനിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ ഒട്ടേറെ പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ടെന്നും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. സംസ്ഥാന സർക്കാരിന്റെ ആർദ്ര കേരള പുരസ്കാരം 202122 ന്റെ വിതരണവും സംസ്ഥാനത്ത് 50 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഉദ്ഘാടനവും ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിന്റെ ആരോഗ്യ രംഗത്ത് വന്ന മാറ്റത്തിന്റെ ഗുണ ഫലം കോവിഡ് കാലഘട്ടത്തിൽ അനുഭവിച്ചവരാണ് നമ്മൾ. ആർദ്രം മിഷന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് ആശുപത്രി തലം വരെ സർക്കാർ നടത്തിയ വികസന പദ്ധതികളാണ് ഈ മാറ്റത്തിന് മുതൽ കൂട്ടായത്. ആരോഗ്യ രംഗത്തെ മികച്ച പ്രവർത്തനങ്ങൾ ഏത് തരത്തിലുള്ള മാരക രോഗങ്ങളെയും പകർച്ച വ്യാധിയെയും നേരിടാൻ കേരളത്തെ പ്രാപ്തമാക്കി. അത് കൂടുതൽ കരുത്തുറ്റതാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഈ വർഷം തന്നെ എല്ലാ ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ഉറപ്പാക്കുമെന്ന് ആരോഗ്യ ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് പറഞ്ഞു. ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മൂന്ന് ഡോക്ടർമാർ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 6 മണി വരെ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്നും 885 ആരോഗ്യകേന്ദ്രങ്ങളെ 630 കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ സർക്കാരിന് കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു.

പറപ്പൂക്കര കുടുംബാരോഗ്യ കേന്ദ്രം പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനചടങ്ങിൽ കെ കെ രാമചന്ദ്രൻ എംഎൽഎ ശിലാഫലകം അനാച്ഛാദനം ചെയ്തു. രോഗപ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം മൂന്ന് ഡോക്ടർമാരുടെയും രണ്ട് സ്റ്റാഫ് നഴ്സിന്റെയും ഒരു ഫാർമസിസ്റ്റിന്റെയും ലാബ് ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കെ കെ രാമചന്ദ്രൻ എംഎൽഎ വികസനഫണ്ടിൽ നിന്നുള്ള 20 ലക്ഷവും മുൻ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് അനുവദിച്ച 19.9 ലക്ഷം രൂപയും പറപ്പൂക്കര ഗ്രാമപഞ്ചായത്ത് അനുവദിച്ച 17.5 ലക്ഷം രൂപയും എൻഎച്ച്എമ്മിന്റെ 30 ലക്ഷം രൂപയും ചെലവഴിച്ചാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. 2887 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിച്ച കെട്ടിടത്തിൽ ഫാർമസി, സ്റ്റോർ റൂം, ഒബ്സർവേഷൻ റൂം, ശ്വാസ് ആശ്വാസ് ക്ലീനിക്, ഒപി സൗകര്യങ്ങൾ, ഡ്രസ്സിംഗ് റൂം, പ്രീ ചെക്ക് റൂം, ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങളുണ്ട്. ഇ കെ അനൂപ്, ലളിതാ ബാലൻ, ലതാ ചന്ദ്രൻ, ടി കെ അനൂപ്, എം എൽ ഷൈലജ, കാർത്തിക ജയൻ, പി ടി കിഷോർ ശ്രീജിത്ത്, ജി സജിത, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

വെള്ളാങ്കല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ തുറന്നുകൊടുത്തു. കെട്ടിടത്തിന്റെ ശിലാഫലകം വി ആർ സുനിൽ കുമാർ എംഎൽഎ അനാച്ഛാദനം ചെയ്തു. 2018 19 സാമ്പത്തിക വർഷത്തിൽ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പണം വകയിരുത്തി നിർമ്മാണം ആരംഭിച്ച ഈ കെട്ടിടത്തിന് ബ്ലോക്ക് പഞ്ചായത്ത് 34.19 ലക്ഷം രൂപയും തൃശൂർ ജില്ലാ പഞ്ചായത്ത് 37 ലക്ഷം രൂപയും ആർദ്രം പദ്ധതിയിലൂടെ വിഹിതമായി 15.5 ലക്ഷം രൂപയും ചേർത്ത് ആകെ 86.7 ലക്ഷം രൂപയാണ് കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചത്.

വെള്ളാങ്ങല്ലൂർ, വേളൂക്കര, പൂമംഗലം തുടങ്ങി പഞ്ചായത്തുകളിലെ ജനങ്ങളുടെ ആശ്രയ കേന്ദ്രമാണ് വെള്ളാങ്ങല്ലൂർ കുടുംബരോഗ്യകേന്ദ്രം. കൺസൾട്ടിംഗ് റൂം, ഒപി സൗകര്യങ്ങൾ, ഒബ്സെർവേഷൻ റൂം, ഡ്രസിങ് റൂം, ശ്വാസ് ആശ്വാസ് റൂം, ഫീഡിങ് റൂം, പ്രി ചെക്കപ്പ് റൂം, ഫാർമസി, ലാബ്, ടോയ്‌ലറ്റ്,ബയോ വേസ്റ്റ് ശേഖരണ മുറി എന്നിവയുൾപ്പെടെ വിപുലമായ സൗകര്യങ്ങളോട് കൂടി 5469 സ്‌ക്വയർ ഫീറ്റിൽ ആണ് കുടുംബരോഗ്യ കേന്ദ്രം ഒരുക്കിയിരിക്കുന്നത്. രണ്ട് ഡോക്ടമാരുടെയും രണ്ട് സ്റ്റാഫ് നേഴ്സുകളുടെയും ഫാർമസിസ്റ്റിന്റെയും ലാബ് ടെക്നിഷ്യന്റെയും സേവനം ഇവിടെ ലഭ്യമാണ്. ഘോഷയാത്ര വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനു മുന്നിൽ നിന്നാരംഭിച്ചു. തൃശ്ശൂർ റെഡ് ക്യാപ് അവതരിപ്പിക്കുന്ന ഉണർത്തുപാട്ട് നാടൻപാട്ടുകളുടെയും പഴയകാല ഗാനങ്ങളും കോർത്തിണക്കി കൊണ്ടുള്ള പ്രത്യേക പരിപാടിയും ഉണ്ടായി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി ബാബു റിപ്പോർട്ട് അവതരിപ്പിച്ചു.

മെഡിക്കൽ ഓഫീസർ ടി വി ബിനു പദ്ധതി അവലോകനം ചെയ്തു സംസാരിച്ചു. വിജയലക്ഷ്മി വിനയചന്ദ്രൻ, ഉണ്ണികൃഷ്ണൻ കുറ്റിപ്പറമ്പിൽ, എം എം മുകേഷ്, ലതാ ചന്ദ്രൻ, ഷീല അജയഘോഷ്, പി രേഖ, ജനപ്രതിനിധികൾ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ തുടങ്ങിയവർ പങ്കെടുത്തു.

രാമവർമ്മപുരത്ത് നവീകരിച്ച കുടുംബാരോഗ്യ കേന്ദ്രം പി ബാലചന്ദ്രൻ എംഎൽഎ തുറന്നു കൊടുത്തു. പ്രീ ചെക്കപ്പ് റൂം, ആധുനീകരിച്ച ലാബ്, ഒപി വെയ്റ്റിംഗ് ഏരിയ, ടോയ്‌ലറ്റ്, ഫീഡിങ് റൂം, ഫാർമസി തുടങ്ങിയ സൗകര്യങ്ങളോടുകൂടി 15.5 ലക്ഷം രൂപ ചെലവഴിച്ച് ആർദ്രം മൂന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് രാമവർമ്മപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം പുതുക്കി പണിതത്. കോർപ്പറേഷൻ മേയർ എം കെ വർഗീസ് അധ്യക്ഷത വഹിച്ചു. എം എൽ റോസി, പി പി ശ്രീദേവി, ഡോ. എം കെ ശ്രീജ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ തുടങ്ങിയവർ പങ്കെടുത്തു.

## കൃഷിയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കായി പുതിയ മിഷൻ ആരംഭിക്കും: പി രാജീവ്

**തൃശൂർ:** കാർഷിക വ്യവസായ മേഖലയിൽ പുതു സംരംഭങ്ങൾക്കായി പുതിയൊരു മിഷൻ ആരംഭിക്കുമെന്ന് വ്യവസായ വികസന വകുപ്പ് മന്ത്രി പി രാജീവ്. കൃഷിയിൽനിന്നും മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കാൻ പുതിയ മിഷൻ സഹായകമാകും. ഇതിനായുള്ള നടപടികൾ പൂർത്തിയായതായും വൈകാതെ പ്രവർത്തനം തുടങ്ങുമെന്നും മന്ത്രി അറിയിച്ചു. പാണഞ്ചേരി സർവീസ് സഹകരണ ബാങ്ക് സംരംഭമായ പീച്ചി അഗ്രി ഇൻഡസ്ട്രിയൽ പാർക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

സർവ്വകലാശാലകളുമായി ചേർന്ന് വ്യവസായ പാർക്കുകൾ ആരംഭിക്കും. പഠനത്തോടൊപ്പം ജോലി ചെയ്യുമ്പോൾ ക്രെഡിറ്റ് മാർക്ക് നൽകി ജോലി പഠനത്തിന്റെ ഭാഗമാക്കി മാറ്റും.



സഹകരണ ബാങ്കുകൾ ലാഭത്തിനപ്പുറം അതത് മേഖലയിലെ മനുഷ്യരുടെ ജീവിതസാഹചര്യങ്ങൾ എത്രത്തോളം മെച്ചപ്പെടുത്താനാകും എന്നുകൂടി ചിന്തിക്കേണ്ടതുണ്ടെന്നും മന്ത്രി പി രാജീവ് അഭിപ്രായപ്പെട്ടു.

വെയ്സ്റ്റ് ടു വെൽത്ത് അഥവാ മാലിന്യസംസ്കരണം വഴി സമ്പത്ത് എന്ന ആശയത്തിലൂന്നിയ സംരംഭങ്ങളിലാണ് ഭാവിയെന്ന് ജൈവവള പ്ലാന്റ് ഉദ്ഘാടനം ചെയ്തുകൊണ്ട് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ പറഞ്ഞു.

പാണഞ്ചേരി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് വിൽസൺ ചെറിയാൻ അധ്യക്ഷനായി. ബാങ്ക് സെക്രട്ടറി എ വി ജോജു പദ്ധതി അവതരണം നടത്തി.

സാങ്കേതിക സഹായം നൽകിയവർക്കുള്ള ഉപഹാരസമർപ്പണം മുൻ എംഎൽഎ രാജാജി മാത്യു തോമസ് നിർവഹിച്ചു. മികച്ച കർഷകരെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ ആർ രവിയും തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകളെ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി പി രവീന്ദ്രനും ആദരിച്ചു.

ജില്ലാ പഞ്ചായത്ത് അംഗം കെ വി സജു, കേരള കാർഷിക യൂണിവേഴ്സിറ്റി എക്സ്റ്റൻഷൻ ഡയറക്ടർ പി ശ്രീനിവാസൻ, എസ് എഫ് എ സി ഡയറക്ടർ ബീന ലക്ഷ്മൺ, സഹകരണ ജോയിന്റ് രജിസ്ട്രാർ എം ശബരീദാസൻ, പ്രിൻസിപ്പൽ കൃഷി ഓഫിസർ സൂസമ്മ ജോർജ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡോ. കെ എസ് കൃപകുമാർ, കേരള ബാങ്ക് ജനറൽ മാനേജർ സുമഹർഷൻ, മിൽമ ഡയറക്ടർ ഭാസ്കരൻ ആദങ്കാവിൽ, വൈസ് പ്രസിഡന്റ് സാവിത്രി സദാനന്ദൻ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.

പാണഞ്ചേരി സർവീസ് സഹകരണ ബാങ്ക് ട്രഷറർ എം പി സാബു സ്വാഗതവും ഡയറക്ടർ ബോർഡ് അംഗം സുബിൻ കുമാർ നന്ദിയും പറഞ്ഞു.

## ജലബജറ്റ് അവതരിപ്പിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം

ജലലഭ്യതയും ഉപഭോഗവും കണക്കാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായി ജലബജറ്റ് തയ്യാറാക്കിയ സംസ്ഥാനമായി കേരളം മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജനകീയ ജലബജറ്റ് പ്രകാശനവും ഇനി ഞാനൊഴുകട്ടെ ക്യാംപെയ്ൻ മൂന്നാം ഘട്ടത്തിന്റെ ഭാഗമായ പശ്ചിമഘട്ട നീർച്ചാൽ ശൃംഖലകളുടെ വീണ്ടെടുപ്പ് പദ്ധതി ഉദ്ഘാടനവും തിരുവനന്തപുരത്ത് മാസ്ക്കറ്റ് ഹോട്ടലിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ജലലഭ്യത കേരളത്തിൽ കുറഞ്ഞുവരുന്നു എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ജലസംഭരണം ഉറപ്പാക്കുന്നതിനും ജല ഉപഭോഗം കണക്കാക്കി പരിപാടികൾ ആവിഷ്കരിക്കേണ്ടതുമുണ്ട് മുഖ്യമന്ത്രി പറഞ്ഞു.

ഓരോ പ്രദേശത്തും ലഭിക്കാനിടയുള്ള വെള്ളത്തിന്റെ അളവ് അവിടുത്തെ ജനസംഖ്യാ അടിസ്ഥാനത്തിലുള്ള ഉപഭോഗം എന്നിവയാണ് ജല ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടി വെള്ളത്തിന്റെ കാര്യത്തിൽ വലിയ വെല്ലുവിളികൾ നേരിടേണ്ടി വരും. 44 നദികളും വയലുകളും ജലാശയങ്ങളും കൊണ്ട് സമ്പന്നമാണ് കേരളം. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഭാഗമായി കേരളത്തിലെ പല ഭാഗങ്ങളിലും വേനൽക്കാലം ആകുമ്പോൾ ജലക്ഷാമം രൂക്ഷമാകുന്ന സ്ഥിതിയുണ്ട്.

അനാവശ്യമായി ജലം പാഴാക്കാനുള്ളതല്ല എന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും ജലം സംരക്ഷിക്കുന്നതിനും ശാസ്ത്രീയമായി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ജനകീയ ജല ബജറ്റ്. സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് മാനേജ്മെന്റിന്റെ സഹായത്തോടെസംസ്ഥാന ജലവിഭവ വകുപ്പിന്റെ പ്രതിനിധികളും വിവര സാങ്കേതിക മേഖലയിലെ വിദഗ്ധരും ഉൾപ്പെടുന്ന സമിതിയാണ് ജല ബജറ്റിന് രൂപം നൽകുന്നത്. ആദ്യഘട്ടമായി 15 ബ്ലോക്ക് പഞ്ചായത്തുകളും 94 ഗ്രാമപഞ്ചായത്തുകളുമാണ് ജലബജറ്റ് തയ്യാറാക്കിയത്.

# കാട വളർത്തൽ കുറഞ്ഞ മുതൽമുടക്കിൽ പെട്ടെന്നുള്ള വരുമാനം

കോഴിവളർത്തൽ മേഖല പലരും തിരഞ്ഞെടുക്കുന്നത് കുറഞ്ഞ മുതൽമുടക്കും പെട്ടെന്നുള്ള വരുമാനവും ലഭിക്കുമെന്നതിനാലാണ്. അങ്ങനെ ആഗ്രഹിക്കുന്നവർക്കുള്ള ഏറ്റവും നല്ല സംരംഭങ്ങളിൽ ഒന്നാണ് കാട വളർത്തൽ. കോവിഡ് കാലത്തെ കുതിപ്പിനു ശേഷം തളർന്ന കാട വളർത്തൽ മേഖല വീണ്ടും തിരിച്ചുവരവിന്റെ പാതയിലാണ്. തീറ്റവില കൂടിയതും മുട്ടയ്ക്ക് ഡിമാൻഡ് കുറഞ്ഞതുമാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. എന്നാൽ, കർഷകർക്ക് 2.5 രൂപ ലഭിക്കുന്നുണ്ട്. വിപണിവിലയാവട്ടെ 3 രൂപയ്ക്ക് മുകളിലുമെത്തി. പെട്ടെന്ന് വളരുമെന്നതും 6 ആഴ്ചകൊണ്ട് മുട്ടകൾ കിട്ടും എന്നതുമാണ് കാടകളെ പ്രിയങ്കരമാക്കുന്നത്.

ശരാശരി 10 ഗ്രാം ഭാരമുള്ള മൊസൈക് നിറത്തിലുള്ള മുട്ടകളാണ് കാടകളുടെ പ്രത്യേകത. മുട്ടകളിടുന്നത് വൈകുന്നേരങ്ങളിലായതിനാൽ പകൽ മറ്റു ജോലിക്ക് പോകുന്നവർക്ക് കാട പരിചരണം കൂടുതൽ സൗകര്യമാണ്. കോഴിമുട്ടയേക്കാൾ പതിന്മടങ്ങ് വിറ്റാമിനുകളാൽ സമ്പുഷ്ടമായതിനാൽ കാടമുട്ടയെ വിറ്റാമിൻ ബോംബ് എന്ന വിളിപ്പേരിലാണ് ശാസ്ത്രലോകം പരിചയപ്പെടുത്തുന്നത്.



നമ്മുടെ വീട്ടിലെ കുഞ്ഞുങ്ങൾക്ക് 6 മാസത്തിനു ശേഷം കാടമുട്ടകൾ നൽകിത്തുടങ്ങാം. ഇത് കുട്ടികളുടെ മസ്തിഷ്ക വികാസത്തിന് സഹായിക്കുകയും, ഓർമശക്തി, രക്തയോട്ടം എന്നിവ വർധിപ്പിക്കുകയും ചെയ്യും എന്ന് പഠനങ്ങൾ പറയുന്നു. കൂടാതെ ചിലർക്ക് കോഴിമുട്ട അലർജി പ്രശ്നങ്ങൾ സൃഷ്ടിക്കുമെങ്കിലും, കാടമുട്ട ഉപയോഗിക്കുന്നവർക്ക് അത്തരത്തിലുള്ള പ്രശ്നങ്ങൾ ഒന്നും തന്നെ പറഞ്ഞു കേട്ടിട്ടില്ല.

പൊരിച്ച കാട ഇറച്ചി, ചില്ലി കാട എന്നിവ ഇന്നു ജനഹൃദയങ്ങൾ കീഴടക്കിയ ഭക്ഷണ വിഭവമാണ്. ചെറിയ എല്ലുകൾ പോലും കടിച്ചു മുറിച് പൂർണമായും ഭക്ഷിക്കാമാണെന്നതാണ് കാട ഇറച്ചിയുടെ പ്രത്യേകത. ഒരു ദിവസം പ്രായമായ കാടക്കുഞ്ഞുങ്ങളെ വാങ്ങി, കൃത്രിമ ചൂടും, ബ്രോയ്‌ലർ തീറ്റയും നൽകി വളർത്താം. 4 ആഴ്ച പ്രായമാകുമ്പോൾ കഴുത്തിലെ കറുത്ത പുള്ളികളുള്ളവയെ പിടയായും, ചാര നിറം മാത്രമുള്ളവയെ പൂവനായും തരം തിരിക്കാം. പൂവൻ കാടകളെ ഇറച്ചിക്കായി വിറ്റതിനു ശേഷം, പിടകളെ മാത്രം മുട്ടയ്ക്കായി വളർത്തിയാൽ മതി.

മുട്ടയിട്ടു തുടങ്ങിയ ശേഷം നിർബന്ധമായും മുട്ടക്കാട തീറ്റ തന്നെ നൽകി വളർത്തണം. ഒരു ദിവസം 30 ഗ്രാം തീറ്റ തിന്നുന്ന ഇവ വർഷത്തിൽ 300 മുട്ടകൾ വരെ ഇടും. ഉയർന്ന ഉൽപാദനത്തിന് ദിവസേന 16 മണിക്കൂർ വെളിച്ചം അത്യാവശ്യമാണ്. കാടകൾ അടയിരിക്കൽ സ്വഭാവം കാണിക്കാറില്ലാത്തതിനാൽ മുട്ടകൾ വിരിയിക്കാൻ ഇൻക്യുബേറ്റർ സഹായം തന്നെ വേണം. കൊത്തുമുട്ടകൾ ലഭിക്കാൻ 4 പിട കാടയ്ക്ക് ഒരു പൂവൻ എന്ന അനുപാതത്തിലാണ് കാടകളെ കൂട്ടിൽ വളർത്തേണ്ടത്. ഒരു ചതുരശ്ര അടി സ്ഥലത്ത് 5 മുതൽ 6 കാടകളെ വരെ വളർത്താം. അതായത് 7 അടി നീളവും 3 അടി വീതിയും 10 ഇഞ്ച് ഉയരവുമുള്ള ഒരു കമ്പി വല കൂട്ടിൽ 100 കാടകളെ വരെ വളർത്താം. വെള്ളം നൽകാൻ നിപ്പിൾ സംവിധാനം ഉപയോഗിക്കാം. കൂടിന്റെ താഴത്തായി കാഷ്ഠം ശേഖരിക്കാൻ ഒരു ട്രേ കൂടി സ്ഥാപിക്കാം. അങ്ങനെ ശേഖരിക്കുന്ന വളം പൂച്ചെടികൾക്കും പച്ചക്കറികൾക്കും ഉപയോഗിക്കാം.

പൊതുവെ രോഗ സാധ്യത കുറവായതിനാൽ കാടകൾക്ക് പ്രതിരോധ മരുന്നുകൾ ഒന്നും തന്നെ നൽകേണ്ടതില്ല. ശുദ്ധമായ വെള്ളം മാത്രം കുടിക്കാൻ നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം.



## കമ്പത്തെ കറുത്ത മുന്തിരിയ്ക്ക് ഭൗമസൂചികാപദവി

**കുമളി:** വർഷത്തിൽ മൂന്നുതവണ കർഷകർ വിളവെടുപ്പ് നടത്തി ശ്രദ്ധ പിടിച്ചുപറ്റിയ കമ്പത്തെ കറുത്ത മുന്തിരിക്ക് ഭൗമസൂചിക പദവി ലഭിച്ചു. തമിഴ്നാട്ടിലെ തേനി ജില്ലയിലെ കമ്പം മേഖലയിലാണ് ഇത് കൃഷിചെയ്യുന്നത്. കയറ്റുമതിയിൽ മുൻപന്തിയിലുള്ള ഇതിന് ഭൗമസൂചിക പദവി നൽകണമെന്ന് കർഷകരുടെ വർഷങ്ങളായുള്ള ആവശ്യമായിരുന്നു. ആത്തൂർ വെറ്റില, മാർത്താണ്ഡത്തെ തേൻ, മണപ്പാറയിലെ മുറുക്ക് എന്നിവയ്ക്കൊപ്പമാണ് കമ്പത്തെ മുന്തിരിയും പട്ടികയിൽ ഇടംപിടിച്ചത്.

മികച്ച ഗുണനിലവാരവും തനിമയുമുള്ള ഉത്പന്നങ്ങൾക്കാണ് ഭൗമസൂചിക പദവി നൽകുന്നത്. മഹാരാഷ്ട്രയിൽ നവംബർമുതൽ ഏപ്രിൽവരെ മാത്രമേ മുന്തിരി ലഭിക്കൂ. അവിടെ വർഷത്തിൽ ഒരു തവണമാത്രമാണ് വിളവെടുക്കാനാവുന്നത്. എന്നാൽ, കമ്പം മേഖലയിൽ വർഷത്തിൽ മൂന്നുതവണ വിളവെടുക്കുന്നുണ്ട്. പശ്ചിമഘട്ടത്തിന്റെ താഴ്വരയിൽ സ്ഥിതിചെയ്യുന്നതിനാൽ പ്രദേശത്തെ താപനില, മണ്ണ്, വെള്ളം എന്നിവയെല്ലാം അനുകൂലഘടകങ്ങളാണ്.

തേനി ജില്ലയിലെ ലോവർ ക്യാമ്പുമുതൽ ചിന്നമന്നൂർവരെ ആയിരക്കണക്കിന് ഏക്കർ സ്ഥലത്താണ് മുന്തിരി കൃഷി ചെയ്തിതിരിക്കുന്നത്. ചിന്നമന്നൂർ ആനമലയൻപട്ടി പ്രദേശങ്ങളിൽ രണ്ടായിരത്തോളം ഹെക്ടറിൽ കറുത്ത മുന്തിരിക്കൃഷിയുണ്ട്.

### കടുത്ത വേനലും കൃഷിനാശവും

## പച്ചക്കാന്താരിക്ക് 500, ഉണങ്ങിയതിന് 1400

വേനൽ കടുത്തതോടെ ഹൈറേഞ്ചിലെ കാന്താരി കൃഷി വലിയ തോതിൽ നശിച്ചിരുന്നു. ഉത്പാദനവും ഇടിഞ്ഞു. ഇതോടെ കാന്താരി മുളകിന്റെ വില ഇരട്ടിയായി. നവംബറിൽ 250 രൂപ വില ലഭിച്ചുകൊണ്ടിരുന്ന പച്ചക്കാന്താരിയുടെ വില 500 ആയും 700 രൂപ ലഭിച്ചിരുന്ന ഉണങ്ങിയ കാന്താരിയുടെ വില 1400 രൂപയായും ഉയർന്നിരിക്കുന്നത്.

ഏതാനും വർഷങ്ങളായി ഹൈറേഞ്ചിൽ കാന്താരി കൃഷിചെയ്യുന്നവരുടെ എണ്ണം വർധിച്ചിരുന്നു. മികച്ച വിളവ് ലഭിക്കുന്ന തൈകൾ ലഭിക്കുന്നതും വലിയ ബുദ്ധിമുട്ടില്ലാത്ത കൃഷി പരിപാലനവും കൃഷി ജനകീയമാകാൻ കാരണമായി. അത്യാവശ്യം നല്ല വിലയും ലഭിച്ചിരുന്നു. ഇതോടെ വീട്ടമ്മമാരും വിദ്യാർഥികളും വീട്ടുപരിസരത്ത് കൃഷി ചെയ്ത് തുടങ്ങി. കട്ടപ്പന കമ്പോളത്തിൽനിന്ന് കിലോ കണക്കിനാണ് ആയുർവേദ കമ്പനിക്കാരും മറ്റും കാന്താരിമുളക് വാങ്ങുന്നത്.

ഇത്തവണ വേനൽ വല്ലാതെ കടുത്തു. കാന്താരി തൈകൾ കരിയുകയും വിളവ് കുറയുകയും ചെയ്തു. കാന്താരിമുളകിന്റെ ലഭ്യത കുറഞ്ഞതോടെ സ്വാഭാവികമായും വില കൂടുകയായിരുന്നു. ഹൈറേഞ്ചിലെ ഉത്പാദനം ഇടിഞ്ഞതോടെ കമ്പോളങ്ങളിൽ പുറത്തുനിന്ന് എത്തുന്ന വ്യാപാരികളാണ് കാന്താരി വിതരണം ചെയ്യുന്നത്.



മാർച്ച് അവസാനവും ഏപ്രിൽ ആദ്യ ആഴ്ചയും ഹൈറേഞ്ചിന്റെ വിവിധ ഭാഗങ്ങളിൽ ശക്തമായ വേനൽമഴ ലഭിച്ചിരുന്നു. ഇത് കാന്താരി കൃഷിക്ക് അനുകൂല ഘടകമാകുമെന്നാണ് കർഷകർ പറയുന്നത്. വേനൽമഴ ശക്തമായാൽ ഉത്പാദനം പഴയ നിലയിലേക്ക് ഉയരുമെന്ന് വ്യാപാരികളും പറയുന്നു.

വിളവ് കുറഞ്ഞതോടെ കാന്താരി തൈ വാങ്ങുന്നവരുടെ എണ്ണവും കുറഞ്ഞെന്ന് നഴ്സറി ഉടമകൾ പറയുന്നു. വേനൽമഴ പെയ്തപ്പോൾ വീണ്ടും തൈ വാങ്ങാൻ നിരവധി ആളുകൾ എത്തുന്നുണ്ട്.

# ഇനി റോഡരുകിൽ മാലിന്യം നിക്ഷേപിച്ചാൽ ഉയർന്ന പിഴ

**കൊച്ചി:** റോഡരുകിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കരിക്കാൻ ഇവരിൽ നിന്നും ഉയർന്ന തുക പിഴയായി ഈടാക്കാനും മന്ത്രി എം.ബി രാജേഷ് പങ്കെടുത്ത വിവിധ കക്ഷി നേതാക്കളുടെയും കൊച്ചി കോർപ്പറേഷൻ കൗൺസിലർമാരുടെയും സംയുക്ത യോഗത്തിൽ തീരുമാനം. സർക്കാർ ആവിഷ്കരിച്ച കർമ്മ പദ്ധതി നടപ്പിലാക്കണമെന്നും യോഗത്തിൽ പൊതുഅഭിപ്രായമുയർന്നു.എല്ലാ വീടുകളിലും ഹരിതകർമ്മസേന വഴിതന്നെ മാലിന്യം ശേഖരിക്കുവാൻ ആവശ്യമായ ഇടപെടൽ ഉണ്ടാകും. മാലിന്യ ശേഖരണത്തെ സംബന്ധിച്ച വിവരങ്ങൾ അതത് ഡിവിഷൻ കൗൺസിലർമാരുടെ നേതൃത്വത്തിൽ ശേഖരിക്കും. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നത് കൂടാതെ അജൈവ മാലിന്യങ്ങൾ 6 ആയി തരം തിരിച്ച് ശേഖരിക്കുവാനാണ് തീരുമാനം. ഈ തീരുമാനങ്ങൾ ഒറ്റക്കെട്ടായി നടപ്പാക്കുവാൻ കൗൺസിലർമാർ മുൻകൈ എടുക്കും. നഗരസഭയുടെയും പോലീസിൻറെയും പരിശോധനകൾ ശക്തിപ്പെടുത്തും.കക്ഷി നേതാക്കളുടെ യോഗത്തിൽ ഡെപ്യൂട്ടി മേയർ കെ.എ. അൻസിയ, നഗരസഭയിലെ യു.ഡി.എഫ്. കക്ഷി നേതാവ് ആൻറണി കുരിത്തറ, യു.ഡി.എഫ്. പാർലമെൻററി പാർട്ടി സെക്രട്ടറി എം.ജി അരിസ്റ്റോട്ടിൽ, എൽ.ഡി.എഫ്. പാർലമെൻററി പാർട്ടി സെക്രട്ടറി ബെനഡിക്ട് ഫെർണാണ്ടസ്, ബി.ജെ.പി. പാർലമെൻറി പാർട്ടിനേതാവ് സുധ ദിലീപ്, സി.പി.ഐ.യുടെ പാർലമെൻററി പാർട്ടി നേതാവ് സി.എ. ഷക്കീർ, മുസ്ലീം ലീഗ് പ്രതിനിധി ലൈലദാസ്, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്മാരായ ഷീബലാൽ, സുനിത ഡിക്സൺ, വി.എ. ശ്രീജിത്ത്, തുടങ്ങിയവർപങ്കെടുത്തു.എല്ലാ വീടുകളിലേയ്ക്കും ഹരിത കർമ്മ സേനയുടെ പ്രവർത്തനം വ്യാപിപ്പിക്കും ജൈവമാലിന്യം ഹരിത കർമ്മസേനക്ക് കൈമാറുന്ന വീടുകൾ പ്രതിമാസം 150 രൂപ യൂസർഫീ നൽകണം. ജൈവമാലിന്യം വീടുകളിൽ തന്നെ സംസ്കരിച്ച് അജൈവ മാലിന്യം ഹരിത കർമ്മ സേനയ്ക്ക് നൽകുന്നവർ 75 രൂപ യൂസർഫീ നൽകിയാൽ മതിയാകും. യൂസർ ഫീ നൽകാത്തവർ വസ്തു നികുതിയോടൊപ്പം നൽകേണ്ടിവരും എന്നാണ് സർക്കാർ ചട്ടം. യൂസർ ഫീ നൽകാൻ സാമ്പത്തികമായി പ്രയാസം ഉള്ളവർക്ക് വാർഡ് സഭ തീരുമാനിച്ച് ഇളവ് നൽകുന്നതുമാണ്.വീടുകളിലെ മാലിന്യം ബയോ ബിന്നുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കഴിവതും വീട്ടിൽ തന്നെ സംസ്കരിക്കണം. ബയോ ബിന്നുകൾ സ്വന്തമായി വാങ്ങുന്നവർക്ക് 2200 രൂപ നൽകിയാൽ അവ ലഭിക്കും. സാമ്പത്തികമായി പ്രയാസമുള്ളവർക്ക് നഗരസഭ തന്നെ പദ്ധതിയുടെ ഭാഗമായി ബയോ ബിന്നുകൾ സബ്സിഡി നിരക്കിൽ നൽകും. ബയോബിന്നുകൾ ഉപയോഗിക്കാത്തവരുടെ ജൈവ മാലിന്യങ്ങൾ നഗരസഭ ശേഖരിക്കും. ശേഖരണത്തിന് അവർ യൂസർ ഫീ നൽകണം.അജൈവ മാലിന്യങ്ങൾ തരംതിരിച്ചു മാത്രമേ ഹരിത കർമ്മ സേനയ്ക്ക് നൽകാൻ പാടുള്ളൂ.ഡയപ്പർ, സാനിറ്ററി നാപ്കിൻ തുടങ്ങി ബയോമെഡിക്കൽ വേസ്റ്റ് നൽകുന്നവർ അതിന് നിശ്ചയിക്കപ്പെട്ട ഏജൻസിയുടെ ഫോൺ നമ്പർ കൗൺസിലർമാർ മുഖേന ശേഖരിക്കേണ്ടതാണ്. അവർ നേരിട്ട് വീട്ടിൽ വന്ന് സർക്കാർ അംഗീകരിച്ച നിരക്കിൽ ബയോമെഡിക്കൽ വേസ്റ്റ് തൂക്കം നോക്കി വാങ്ങുന്നതാണ്.റോഡിൽ മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കും.നഗരസഭയുടെ ഫൈൻ കൂടാതെ വാഹനങ്ങൾ പിടിച്ചെടുക്കാൻ പോലീസ് കൂടി രംഗത്തിറങ്ങണമെന്ന് തീരുമാനിച്ചു.എല്ലാ വാർഡിലും ഒരു മിനി എം. സി. എഫ് സ്ഥാപിക്കും. ഇത് അജൈവമാലിന്യം ശേഖരിക്കുന്നതിനാണ്. ഇവിടെ ജൈവ മാലിന്യം കൊണ്ടുവരില്ല. അപകടരഹിതവും ദുർഗന്ധം ഇല്ലാത്തതുമായ അജൈവ മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി മാത്രമാണ് എം സി എഫുകൾ ഉപയോഗപ്പെടുത്തുക. റോഡരികിൽ മാലിന്യം കെട്ടി വയ്ക്കുന്നത് ഒഴിവാക്കാനാണ് പ്രധാനമായും എം സി എഫുകൾ സ്ഥാപിക്കുന്നത്. ആറ് ഇടത്ത് ഈ മാസം തന്നെ ആർ ആർ എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) നഗരസഭ സ്ഥാപിക്കും. കൂടുതൽ സ്ഥലങ്ങളിലേക്ക് ആർ ആർ എഫുകൾ വ്യാപിപ്പിക്കും.കഴിയുന്നത്ര സ്ഥലങ്ങളിൽ തുമ്പൂർമൂഴി മോഡലിലുള്ള ഹീൽ ബോക്സുകളോ അതുമല്ലെങ്കിൽ വികേന്ദ്രീകൃതമായി മാലിന്യം സംസ്കരിക്കാനുള്ള സംവിധാനങ്ങളോ പരമാവധി ഏർപ്പെടുത്തും.ബ്രഹ്മപുരത്തേക്ക് അജൈവ മാലിന്യം കൂടാതെ ജൈവമാലിന്യവും കൊണ്ടുപോകാതിരിക്കാനുള്ള പരിശ്രമമാണ് നഗരസഭ നടത്തുന്നത്.കൊച്ചി നഗരത്തിൽ സംസ്കരിക്കാൻ കഴിയാത്ത മാലിന്യം ശുചിത്വമിഷൻ അംഗീകരിച്ച എംപാനൽ ഏജൻസികൾ മുഖേന സംസ്കരിക്കാനാണ് നഗരസഭ തീരുമാനിക്കുന്നത്.ബ്രഹ്മപുരത്ത് 150 ടൺ സംസ്കരണ ശേഷിയുള്ള വിൻഡ്രോ കമ്പോസ്റ്റ് പ്ലാൻറ് സ്ഥാപിക്കുന്നത് വരെ താൽക്കാലികമായ ഈ നടപടികൾ തുടരാനാണ് നഗരസഭയുടെ തീരുമാനം.

## ആസ്റ്റർ ഫാർമസിയുടെ സ്റ്റോർ അരീക്കോട് പ്രവർത്തനമാരംഭിച്ചു



**അരീക്കോട് / മലപ്പുറം:** ഇന്ത്യയിൽ ഉടനീളം ഫാർമസി ശൃംഖലയുള്ള ആസ്റ്റർ ഫാർമസിയുടെ 258ാമത് സ്റ്റോർ അരീക്കോട് ബസ് സ്റ്റാൻഡിനു സമീപം പ്രവർത്തനമാരംഭിച്ചു. ഏറനാട് എംഎൽഎ പി കെ ബഷീർ ഉദ്ഘാടനം ചെയ്തു.ആസ്റ്റർ ഗ്രൂപ്പിന്റെ മറ്റു സേവനങ്ങളായ ആസ്റ്റർ ലാബ്, ആസ്റ്റർ ക്ലിനിക്, ആസ്റ്റർ ഫർമസിയെന്നിവ വരുംനാളുകളിൽ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയെന്നതാണ് ആസ്റ്റർ ഗ്രൂപ്പിന്റെ ലക്ഷ്യമെന്ന് ആശംസകൾ അർപ്പിച്ചുകൊണ്ട് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ വ്യക്തമാക്കി.ആരോഗ്യ രംഗത്ത് 36 വർഷത്തിന്റെ സേവന പാരമ്പര്യമുള്ള ആസ്റ്റർ ഗ്രൂപ്പ്, ഇന്ത്യയിലെ തങ്ങളുടെ 258മത് ഫാർമസി മലപ്പുറം ജില്ലയ്ക്ക് സമർപ്പിക്കുമ്പോൾ തങ്ങളുടെ ഏറ്റവും മികച്ച സേവനവും, ഗുണമേന്മയുമുള്ള ഉൽപന്നങ്ങളും മലപ്പുറം നിവാസികൾക്കായി നൽകുമെന്ന് ചടങ്ങിൽ സംസാരിച്ച ആസ്റ്റർ ഫാർമസി ഭാരവാഹികൾ ഉറപ്പ് നൽകി.എല്ലാ വിധ ഇംഗ്ലീഷ് മരുന്നുകളും ലോകോത്തര നിലവാരമുള്ള ആരോഗ്യ ഉൽപന്നങ്ങളുടെ ഫ്രീ ഹോം ഡെലിവറി സേവനവും അരീക്കോട് പ്രവർത്തിക്കുന്ന ആസ്റ്റർ ഫാർമസിയിൽ ലഭ്യമാണ്.

## 'കഠിന കഠോരമീ അണ്ഡകടാഹം' ട്രെയ്ലർ റിലീസായി




**കൊച്ചി:** ബേസിൽ ജോസെഫിന്റെ കഠിന കഠോരമി അണ്ഡകടാഹത്തിന്റെ ട്രെയ്ലർ റിലീസായി. ചിരിയും ചിന്തയും സംഗീർണത നിറഞ്ഞ പ്രശ്നങ്ങളും നിറഞ്ഞ ചിത്രത്തിന്റെ ട്രെയ്ലർ അഭിനയ ജീവിതത്തിൽ ബേസിലിന്റെ മികച്ച പ്രകടനങ്ങൾ സമ്മാനിക്കുമെന്നുറപ്പ് നൽകുന്നു. കോഴിക്കോട് പശ്ചാത്തലമാക്കി ഒരുക്കിയ ചിത്രം.നൈസാം സലാം പ്രൊഡക്ഷൻസിന്റെ ബാനറിൽ മുഹഷിൻ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. ഏപ്രിൽ 21നാണ് പെരുന്നാൾ റിലീസായി ചിത്രം തിയേറ്ററുകളിലേക്കെത്തുന്നത്. ചിത്രത്തിന് ഗോവിന്ദ് വസന്തയാണ് സംഗീതം നൽകിയിരിക്കുന്നത്. ജയ ജയ ജയ ഹേ എന്ന ചിത്രത്തിന് ശേഷം ബേസിൽ നായകനായെത്തുന്ന ചിത്രത്തിൽ ജാഫർ ഇടുക്കി, ഇന്ദ്രൻസ്, ബിനു പപ്പു, സുധീഷ്, സ്വാതി ദാസ് പ്രഭു, നിർമൽ പാലാഴി, ശ്രീജ രവി, പാർവതി കൃഷ്ണ,ഷിബില ഫറ, സ്നേഹ എന്നിവരാണ് മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. നൈസാം സലാം നിർമ്മിക്കുന്ന ചിത്രത്തിൽ പുഴു, ഉണ്ട എന്നീ ചിത്രങ്ങളുടെ രചന നിർവഹിച്ച ഹർഷദ് കഥയും തിരക്കഥയും നിർവഹിക്കുന്നു. അർജുൻ സേതു, എസ്.മുണ്ടോൾ എന്നിവർ ക്യാമറ കൈകാര്യം ചെയ്യുന്ന ചിത്രത്തിന്റെ എഡിറ്റിങ് സോബിൻ സോമൻ ആണ്. ചിത്രത്തിലെ ഗാനങ്ങൾ രചിച്ചിരിക്കുന്നത് മു.രി, ഷർഫു,ഉമ്പാച്ചി എന്നിവരാണ്. എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ വിനീഷ് വർഗീസ്, ലൈൻ പ്രൊഡ്യൂസർ രാജേഷ് നാരായണൻ,ഷിനാസ് അലി, പ്രോജക്ട് ഡിസൈനർ ടെസ്സ് ബിജോയ്, ആർട്ട് ഡയറക്ഷൻ ബനിത് ബത്തേരി, പ്രൊഡക്ഷൻ കൺട്രോളർ ഹരി കാട്ടാക്കട, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ അനീഷ് ജോർജ്, മേക്കപ്പ് സുധി സുരേന്ദ്രൻ, വസ്ത്രാലങ്കാരം അസീം അഷ്റഫ്, വിശാഖ് സനൽ കുമാർ, ഫിനാൻസ് കൺട്രോളർ സന്തോഷ് ബാലരാമപുരം, സ്റ്റിൽസ് ഷിജിൻ പി രാജ് എന്നിവരാണ്. കേരളത്തിൽ രജപുത്രാ ഫിലിംസും ഓവർസീസ് പാർസ് ഫിലിംസും ചിത്രം വിതരണത്തിനെത്തിക്കുന്നു. പി ആർ ഓ പ്രതീഷ് ശേഖർ.Trailer Link : https://youtu.be/s7k_JTklws0

## കാർബൺ ന്യൂട്രൽ' ലക്ഷ്യത്തിലേക്കടുത്ത് ചിറ്റാറ്റുകര പഞ്ചായത്ത്

കൊച്ചി: പൂർണമായും 'കാർബൺ ന്യൂട്രൽ' പഞ്ചായത്തായി മാറാനുള്ള ഒരുക്കത്തിലാണ് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്. അന്തരീക്ഷത്തിലേക്കുള്ള ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലും സ്വാംശീകരണവും തുല്യമാക്കുന്ന ഈ പദ്ധതിക്കായി 35 പ്രോജക്റ്റുകൾ ഭരണ സമിതി തയ്യാറാക്കിയിട്ടുണ്ട്. കണ്ണൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഡിപിആർ തയ്യാറാക്കുന്നതിന് കണ്ണൂർ ഗവ: എഞ്ചിനീയറിംഗ് കോളേജുമായി ധാരണാപത്രം ഒപ്പുവച്ചു. മെയ് പകുതിയോടു കൂടി ബേസ് ലൈൻ സർവ്വേ പൂർത്തിയാക്കും. തുടർന്ന് ഡിപിആർ തയ്യാറാക്കി തുടർ പ്രവർത്തനങ്ങളിലേക്ക് കടക്കും. പുതിയ നാഷണൽ ഹൈവേ പൂർത്തിയാകുന്നതോടെ ഇതു വഴിയുള്ള വാഹനഗതാഗതം വർദ്ധിക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കൂടി പരിഗണിച്ചാകും ഡിപിആർ തയ്യാറാക്കുക. പ്രാഥമിക പ്രവർത്തനങ്ങൾക്കായി മൂന്ന് ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. നെറ്റ് സീറോ എമിഷൻ എന്ന ലക്ഷ്യത്തിലെത്താനുള്ള പഞ്ചായത്തിന്റെ കുതിപ്പിന് ഊർജ്ജം പകരുന്ന വിധത്തിലാണ് ഈ വർഷത്തെ ബജറ്റിൽ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ബേസ് ലൈൻ സർവ്വേയ്ക്ക് ശേഷം തയ്യാറാക്കുന്ന ഡിപിആറിന്റെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാനും നിലവിലുള്ള പദ്ധതികൾ പുന:ക്രമീകരിക്കാനും പഞ്ചായത്ത് ആലോചിക്കുന്നുണ്ടെന്ന് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ പറഞ്ഞു.

## ചെല്ലാനം മാളികപ്പറമ്പ് ഭദ്രകാളി ക്ഷേത്രം റോഡ് ഉദ്ഘാടനം ചെയ്തു

**ചെല്ലാനം** :പതിനഞ്ചാം വാർഡിലെ മാളികപ്പറമ്പ് ഭദ്രകാളി ക്ഷേത്രം റോഡ് കെ.ജെ മാക്സി എം.എൽ.എ ഉദ്ഘാടനം ചെയ്തു. എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച 27.20 ലക്ഷം രൂപ വിനിയോഗിച്ചാണ് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചത്.വാർഡ് മെമ്പർ ബീന മാർട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com